MR. EAPEN ARAKKAL : അത് മുമ്പു കൊടുത്തുകൊണ്ടിരുന്നതാണ്. അതുകൊണ്ടു മുൻപുകാരം ഇനിയും കൊടുക്കാൻ ദയവുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN : അനേപ്രിച്ചിട്ട് കൊടുക്കാവുന്നതാണെങ്കിൽ കൊടുക്കാമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ.

Prohibition.

*343. MR. P. M. VARGHESE (*Thodupuzha II—General*) ; Will the Honourable Minister for Excise be pleased to state:

(*a*) whether the Government intend introducing prohibition throughout the State next year ; and

(b) if the answer is in the negative please state reasons for the same ?

HON'BLE MR. E. K. MADHAVAN : ഈ വർഷം രാജ്യവ്യാപകമായ നിലയിൽ മദ്യനിരോധനം നടപ്പിൽ വരുത്തുന്നതിനു ഗവണ്മെന്റ് ആലോചിക്കുന്നില്ല. എന്നാൽ അടുത്ത ചിങ്ങംമുതൽ തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ മൂന്നു താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു ഗവണ്മെന്റ് തീർച്ചയാക്കിയിട്ടുണ്ട്.

MR. P. M. VARGHESE : What are the reasons for not introducing prohibition throughout the State ?

HON'BLE MR. E. K. MADHAVAN : പ്രായോഗികമായും സാമ്പത്തികമായും അതിനു ചില തടസ്സങ്ങൾ ഉണ്ട്.

MR. P. M. VARGHESE : സാമ്പത്തികമായിട്ടുള്ള തടസ്സങ്ങളെ പരിഹരിക്കുന്നതിനല്ലെ സെയിൽസ് ടാക്സ് കൊണ്ടുവന്നിട്ടുള്ളത്?

HON'BLE MR. E. K. MADHAVAN : സെയിൽസ് ടാക്സിൽനിന്ന് എത്രമാത്രം പണം കിട്ടുമെന്ന് ഇപ്പോഴും അറിയുവായിട്ടില്ല. അതുകൊണ്ട് പരീക്ഷണാർത്ഥം രണ്ടു മൂന്നു താലൂക്കുകളിൽ നടത്തിനോക്കാമെന്നാണു തീരുമാനിച്ചിട്ടുള്ളത്.

MR. P. M. VARGHESE : ആദ്യം ഒരു താലൂക്കുകളിൽ ആരംഭിച്ച് അടുത്തകൊല്ലം നാലു താലൂക്കുകളിലേ ആരംഭിക്കുന്നുള്ളുവെന്നു പറയുന്നു. അപ്പോൾ ഇങ്ങനെ ക്രമേണ കുറച്ചുകുറച്ചു കൊണ്ടുവരാനാണോ ഗവണ്മെൻറുദ്ദേശിക്കുന്നത്?

HON'BLE MR. E. K. MADHAVAN : മൂന്നു താലൂക്കുകളിൽ മതിയെന്നു വച്ചതിനു മതിയായ കാരണമുണ്ട്. ഈ മൂന്നു താലൂക്കുകളിലും മദ്യനിരോധനം ഏർപ്പെടുത്തുന്നതുകൊണ്ടു ആദ്യത്തെ ഒരു താലൂക്കുകളിൽ ഉണ്ടായ നഷ്ടത്തെക്കാൾ കൂടുതൽ ധനനഷ്ടം ഉണ്ടാകും. അതുകൊണ്ടാണ് തൽക്കാലം മൂന്നു താലൂക്കുകളിൽ മതിയെന്നു വച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : ധനനഷ്ടത്തെ മാത്രം പരിഗണിച്ച് ഈ കടി തുടർന്നുകൊണ്ടു പോകണമെന്നാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

HON'BLE MR. E. K. MADHAVAN : തുടർന്നു കൊണ്ടുപോകണമെന്നു ഗവണ്മെൻറിന് ആഗ്രഹമുണ്ടെങ്കിൽ അടുത്തവർഷം ഒരു താലൂക്കിൽ പോലും മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കയില്ലായിരുന്നല്ലോ.

MR. VARGHESE AUGUSTIN : ഈ ധനനഷ്ടം പരിഹരിക്കുന്നതിനു മദ്യനിരോധനം ഏർപ്പെടുത്താത്ത സ്ഥലങ്ങളിൽ കൂടുതൽ തെങ്ങു കൾ ചെത്താൻ കൊടുത്താൽ പോരെ?

HON'BLE MR. E. K. MADHAVAN : കൂടുതൽ തെങ്ങു ചെത്താൻ കൊടുക്കുമ്പോൾ അതിനനുസരണമായി കൂടിക്കുന്ന ആളുകളേയും കൂടുതൽ സൃഷ്ടിക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിതിക്ക് അതിനെപ്പറ്റി ആലോചിക്കാൻ നിവൃത്തിയില്ല.

MR. N. P. VARGHIS (*Muvattupuzha General*) : വടക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ കുടിച്ചു നശിച്ചു കൊള്ളട്ടെയെന്നാണോ ഗവണ്മെൻറ് വിചാരിക്കുന്നത്?

HON'BLE MR. E. K. MADHAVAN : ആരും കുടിച്ചു നശിച്ചുപോകണമെന്ന വിചാരം ഗവണ്മെൻറിനില്ല. മറ്റു പല കാരണങ്ങളേയും പരിഗണിച്ചുകൊണ്ടാണ് മൂന്നു താലൂക്കിൽ കൂടി മാത്രം അടുത്തകൊല്ലം മദ്യനിരോധനം നടപ്പിലാക്കിയാൽ മതി എന്നു തീരുമാനിച്ചത്.

MR. N. P. VARGHIS : വടക്കേ അറ്റം മുതൽ മദ്യനിരോധനം ആരംഭിക്കാത്തതെന്തുകൊണ്ടാണ്?

HON'BLE MR. E. K. MADHAVAN : ഒരറ്റത്തു നിന്ന് ആരംഭിച്ചാൽ മറ്റേയറ്റം വരെ എത്തുമെന്നുള്ളതുകൊണ്ടും നേരത്തേതന്നെ തെക്കേയറ്റം മുതൽ തുടങ്ങിയിരിക്കുന്നതുകൊണ്ടുമാണ്.

MR. A. THANU PILLAI (*Trivandrum II—General*) : സെയിൽ ടാക്സ് ഏർപ്പെടുത്തുന്നതുമൂലം എന്തു വരുമാനമുണ്ടാകുമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

HON'BLE MR. E. K. MADHAVAN : കൃത്യമായി എന്തു വരവുണ്ടാകുമെന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

MR. A. THANU PILLAI : ഉദ്ദേശമായിട്ടെങ്കിലും ഗവണ്മെൻറിന് കണക്കുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MAADHAVAN : ബഡ്ജറ്റിൽ ഒരു തുക കാണുന്നുണ്ട്. പക്ഷെ അതുയും തുക വരുമാനം ഉണ്ടാകുമോയെന്ന സംശയമാണ്.

MR. A. THANU PILLAI : സെയിൽസ്ടാക്സിൽ നിന്നു എന്തുവരുമാനം ഉണ്ടാകുമെന്നു അറിയുന്നതിനു മുമ്പു് എന്താണു് മൂന്നു താലൂക്കുകളിൽ മാത്രം മദ്യനിരോധം മതിയെന്നു് തീരുമാനിക്കുവാൻ കാരണം?

HON'BLE MR. E. K. MADHAVAN : പരീക്ഷണാത്മകമായിട്ടാണു് മൂന്നു താലൂക്കുകളിൽ മതിയെന്നുവച്ചിട്ടുള്ളതു്.?

MR. A. THANU PILLAI : പരീക്ഷണാത്മകമായ മൂന്നു താലൂക്കുകളിൽ ഇപ്പോൾ തന്നെ മദ്യനിരോധനം നടത്തിക്കൊണ്ടിരിക്കുന്ന സ്ഥിതിക്കു് അടുത്തകൊല്ലം മൂന്നു താലൂക്കുകളിൽ മാത്രം മതിയെന്നു തീരുമാനിക്കുവാൻ പ്രത്യേകം കാരണം വല്ലതുമുണ്ടോ എന്നാണു് എനിക്കറിയേണ്ടതു്.

HON'BLE MR. E. K. MADHAVAN : കൂടുതൽ സ്ഥലങ്ങളിൽ പരീക്ഷണം നടത്തിയാൽ കൂടുതൽ വിഷമങ്ങൾ ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടു തൽക്കാലം മൂന്നു താലൂക്കുകളിൽ മാത്രം നടപ്പിൽ വരുത്തി പരീക്ഷിക്കാമെന്നാണു് തീരുമാനിച്ചിട്ടുള്ളതു.

MR. A. THANU PILLAI : ഈ നാട്ടിലെ ജനങ്ങൾ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ലെന്നറിയാമോ?

HON'BLE MR. E. K. MADHAVAN : യോജിക്കുന്നില്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതല്ലാതെ മറു തരത്തിലുള്ള അറിവൊന്നും ഗവണ്മെൻറിനില്ല.

MR. P. M. VARGHESE : നാട്ടിലുള്ള ജനങ്ങളുടെ അഭിപ്രായം അനുകൂലമാണെങ്കിൽ രാജ്യം ഒട്ടുക്കു മദ്യനിരോധനം നടപ്പിൽ വരുത്തുന്നതിനു് ഗവണ്മെൻറു തയാറാണോ?

HON'BLE MR. E. K. MADHAVAN : ജനങ്ങളുടെ അഭിപ്രായം അതായിരിക്കുകയും അതേ സമയത്തു മറു വൈഷമ്യങ്ങളൊന്നും ഉണ്ടാകുകയില്ലെന്നു ബോദ്ധ്യപ്പെടുകയും ചെയ്താൽ ഗവണ്മെൻറു അതിനു തയാറാണു്.

MR. ABDUL AZIZ : രാജ്യവ്യാപകമായ തോതിൽ ഇവിടെ നടപ്പിൽ വരുത്തുന്നതിനു് എത്ര കൊല്ലം വേണ്ടിവരുമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN : അതിപ്പോൾ പറയാൻ നിവൃത്തി യില്ല.

MR. A. CHIDAMBARANATHA NADAR : திருவிதாங்கூரில் எல்லா இடங் களிலும் ஒரே சமயத்தில், மதுவிலக்கைக் கொண்டு வந்தால் மதுவிலக்கு நடைபெறுது என்று மந்திரிக்கு சம்சயம் இருக்குமா ?

HON'BLE MR. E. K. MADHAVAN : അങ്ങിനെയൊരു സംശയമില്ല.

MR. A. CHIDAMBARANATHA NADAR : மதுவிலக்குளெ இடத்தில் அந்த Distillery-யை வைத்து, இருப்பதற்குக் காரணமென்ன ?

HON'BLE MR. E. K. MADHAVAN : ആ ചോദ്യം ഉണ്ടാവിക്കുമെന്ന പ്രതീക്ഷിച്ചിരുന്നില്ലാത്തതുകൊണ്ട് അതിന്റെ വിവരങ്ങൾ ശേഖരിച്ചി ട്ടില്ല.

MR. G. RAMACHANDRAN (*Neyyattinkara III—General*) : Have the Government any rough idea for completing prohibition within any specific period of time ?

HON'BLE MR. E. K. MADHAVAN : അതിപ്പോൾ പറയാൻ നിവൃത്തി യില്ല.

MR. G. RAMACHANDRAN : Are Government considering the matter that there should be a time limit within which prohibition should be completed ?

HON' BLE MR. E. K. MADHAVAN : തീർച്ചയായിട്ടും.

MR. MANNATHU PADMANABHA PILLAI : കുറെ താലൂക്കുകളിൽമാത്രം കുടിക്കുന്നതിനു അനുവദിക്കുകയും മറ്റുള്ള താലൂക്കുകളിൽ കുടിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നതു സമത്വത്തെ ഇല്ലാതാക്കുന്നതാ ണെന്നറിയാമോ ?

HON'BLE MR. E. K. MADHAVAN : അങ്ങിനെ ഒരു സ്ഥിതി ഉണ്ടാ ക്കണമെന്നു ഗവണ്മെൻറിനു ആഗ്രഹമില്ല. പക്ഷെ തല്ക്കാലം അങ്ങിനെയല്ലാതെ നിവ്വാഹമില്ലാത്തതുകൊണ്ടുമാത്രമാണ് അതു് അനു വദിക്കുവാൻ ഗവണ്മെൻറു നിർബന്ധിതരായിത്തീർന്നിട്ടുള്ളതു്.

MR. N. V. CHACKO (*Kunnathunad III—General*) : കുടിയിൽ കൂടു തൽ ആസക്തിയുള്ള സ്ഥലങ്ങളിലാണോ അല്ലാത്ത സ്ഥലങ്ങളിലാണോ ആദ്യം മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതു് ?

HON'BLE MR. E. K. MADHAVAN : കുടിയിൽ കൂടുതൽ ആസക്തി യുള്ള സ്ഥലങ്ങൾ ഏതെന്നു് എനിക്കു പരിചയമില്ലാത്തതുകൊണ്ടു മറുപടി പറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly